പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 394

20.10.2016 -ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാനസൗകര്യവികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ**<br>**ശ്രീ.കെ.ജെ.മാക്സി**<br>**ശ്രീ.കെ.വി.അബ്ദുൾഖാദർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) | തീരദേശ മത്സ്യത്തൊഴിലാളി മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനും മത്സ്യബന്ധന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ അറിയിക്കാമോ; | (എ) | മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിയും കടലാക്രമണത്തിന് നിരന്തര വിധേയമാകുന്നവരുടെ സുരക്ഷിതമായ പുനരധിവാസവും ഉറപ്പിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടപ്പുസാമ്പത്തികവർഷം 177.34 കോടി രൂപയുടെ Basic Infra Structure Facilities & Human Development for Fisher folk എന്ന ഒരു പദ്ധതി നടപ്പാക്കി വരികയാണ്. അതിൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം, ഭവന നവീകരണം, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകൽ, തീരദേശത്തെ വിദ്യാഭ്യാസ ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണത്തിനുമെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ, കടലോരങ്ങളുടെ സംരക്ഷണം, തീരദേശമേഖലയുടെ സമഗ്രവികസനം, മത്സ്യത്തൊഴിലാളികളുടെ സമഗ്രപുനരധിവാസം എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരം കൊല്ലങ്കോട് മുതൽ കാസർഗോഡ് മഞ്ചേശ്വരം വരെ 15 മീറ്റർ വീതിയിൽ ഒരു "തീരദേശ ഹരിത ഇടനാഴി" നിർമ്മിക്കുന്നതിന് കടൽഭിത്തിയിൽ നിന്നും കരഭാഗത്തേയ്ക്ക് 50 മീറ്റർ ദൂരത്തിൽ അധിവസിക്കുന്ന നിരന്തരം കടലാക്രമണഭീഷണി നേരിടുന്ന ഏകദേശം 25000 തീരദേശകുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി 7881.4 കോടി രൂപ അടങ്കലുള്ള ഒരു ബൃഹത് പദ്ധതി "കിഫ്ബി"യിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പ്രൊജക്റ്റ് തയ്യാറാക്കി വരികയാണ്. തീരദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പോകുന്ന |

ഈ പദ്ധതി നിലവിൽ വരുന്നതോടെ മത്സ്യമേഖലയിലെ അടിസ്ഥാനസൗകര്യവികസന കാര്യത്തിൽ വൻ കുതിച്ചുചാട്ടം ഉണ്ടാകുന്നതാണ്. 'ബേസിക് ഇൻഫ്രാ സ്ട്രക്ച്ചർ ഫെസിലിറ്റീസ് ആൻറ് ഹ്യൂമൻ ഡെവലപ്പ്മെന്റ് ഫോർ ഫിഷർഫോക്ക് ' പദ്ധതിയിലൂടെ ഇപ്പോൾ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി നൽകിയിട്ടുണ്ട്.

(ബി) ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവയുടെ വിപുലീകരണത്തിന് പദ്ധതിയുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(ബി) ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവയുടെ വിപുലീകരണത്തിന് താഴെ പറയുന്ന പദ്ധതികൾ പരിശോധിച്ചുവരുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| I | **നബാർഡ്** | |
| 1) | കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം അധിക അടിസ്ഥാന സൗകര്യ വികസനം | 660 |
| 2) | കായംകുളം തെക്കേ പുലിമുട്ടിന്റെ റിപ്ലനിഷ്മെന്റ് | 390 |
| 3) | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നത് | 1250 |
| 4) | എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം പുലിമുട്ടുകളുടെ റിപ്ലനിഷ്മെന്റ് | 200 |
| II) | **എൽ.എഫ്.ഡി.ബി** | |
| 1) | അഴിത്തല ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം | 187 |
| III) | **കേന്ദ്രാവിഷ്കൃതപദ്ധതി** | |
| 1) | പുതിയാപ്പ രണ്ടാംഘട്ട വികസനം | 3621 |
| 2) | തോട്ടപ്പള്ളി രണ്ടാം ഘട്ട വികസനം | 7772 |
| 3) | തങ്കശ്ശേരി മൂന്നാം ഘട്ട വികസന വികസനം | 4900 |

(സി) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം ഉൾപ്പെടെ മത്സ്യബന്ധന സൗകര്യവികസനത്തിനും

(സി) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കണം 50% കേന്ദ്ര ധനസഹായത്തോടെ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ്.

| | |
|---|---|
| മത്സ്യത്തൊഴിലാളി ക്ഷേമത്തിനായും എന്തൊക്കെ പദ്ധതികൾ ഉണ്ടെന്ന് | സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി ഫിഷറീസ് വകുപ്പ് നേരിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. ഭവന നിർമ്മാണ പദ്ധതി<br>3. ലംപ്സം ഗ്രാന്റ്<br>4. കടാശ്വാസ പദ്ധതി<br>5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനായുള്ള വിവിധ ക്ഷേമപദ്ധതികൾ<br>6. മത്സ്യത്തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ<br>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതവും, ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വീട് നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 100 കോടി രൂപ [illegible]ട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക മേഖലകളിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആകെ 177.34 കോടി രൂപയുടെ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഭവന നവീകരണം
2. വ്യക്തിഗത ശൗചാലയ നിർമ്മാണം
3. ഫിഷർമെൻ കോളനികളുടെ നവീകരണം
4. എനർജി എഫിഷന്റ് മാനേജ്മെന്റ് സിസ്റ്റം
5. മാത്തൂളിൽ പുതിയ സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം
6. എരപുറത്ത് പുതിയ സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം

[illegible] പുതിയ സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം

8. ആറാട്ടുപുഴയിലെ പ്രാഥമികാരോഗ്യ സെന്ററിൽ പുതിയ ലബോറട്ടറിയുടെയും ഫാർമസിയുടേയും നിർമ്മാണം
9. മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് ക്ലബ്ബ് രൂപീകരണം
10. ബേപ്പൂർ ജി. ആർ. എഫ്. റ്റി. എച്ച്. എസ്സ്, & വി. എച്ച്. എസ്സ്. എസ്സ് മെയിന്റനൻസും റിപ്പയറും
11. അടുക്കത്തു ബയൽ, കസബ ഗവൺമെന്റ് ഫിഷറീസ് അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക്നിർമ്മാണം
12. പുതിയങ്ങാടി ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം

[illegible] ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്കും ആഡിറ്റോറിയം നിർമ്മാണം

14. പുതിയാപ്പ, കോഴിക്കോട്, ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മാണം
15. മടപ്പള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം
16. ചീരൻകടപ്പുറം ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം
17. പുത്തൻതോട്, ചെല്ലാനം, എറണാകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ ക്ലാസ്സ് റൂം നിർമ്മാണവും മുറ്റം കല്ല് പാവുന്നതും.
18. വലിയഴീക്കൽ, ആറാട്ടുപ്പുഴ, ആലപ്പുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കക്കൂസ് നിർമ്മാണം

19. വലിയതുറ, തിരുവനന്തപുരം ജി.ആർ.എഫ്.റ്റി.എച്ച്.എസ്സിന് പുതിയ അക്കാഡമിക് & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം

20. എറണാകുളം, കടമക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക്നിർമ്മാണം

21. സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കളയുടെ നവീകരണം

22. കോസ്റ്റൽ ഗവൺമെന്റ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം

23. വിദ്യാർത്ഥിനികൾക്ക് സൗജന്യ സൈക്കിൾ

24. തീരപ്രദേശങ്ങളിൽ കായിക സൗകര്യം വർദ്ധിപ്പിക്കൽ

25. അക്ഷര സാഗരം

26. വിദ്യാതീരം

27. സ്കൂളുകളിലെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കൽ

28. കരിയർ ഗൈഡൻസ്

29. സൊഷ്യൽ മൊബിലൈസേഷൻ

30. മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുട്ടികളെ ദത്തെടുക്കൽ

31. ബോധവത്കരണം

32. കടയ്ക്കാവൂർ ചെമ്പാവ് ഫിഷർമെൻ കോളനിയിൽ കോൺക്രീറ്റ് നടപ്പാതയും ഡ്രെയിനേജ് സൗകര്യവും

കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന 32.10 കോടി രൂപയുടെ പദ്ധതികൾ ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് എന്ന പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തീരദേശമേഖലയുടെ/ കടലോരങ്ങളുടെ സംരക്ഷണം, വികസനം, പരിപാലനം എന്നിവ ലക്ഷ്യമിട്ട് തിരുവനന്തപുരത്ത് കൊല്ലംകോട് മുതൽ കാസർഗോഡ് മഞ്ചേശ്വരം വരെ **15** മീറ്റർ വീതിയിൽ "തീരദേശ ഹരിത കോറിഡോർ" "കിഫ്ബി" പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ **7881.4** കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കൂടാതെ **24** തീരദേശറോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പുസാമ്പത്തികവർഷം **55** കോടി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയതിൽ ആകെ **605.88** ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം II

1. **കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 1 | **<u>ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി</u>**<br>(1) അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>(2) കുട്ടികളുടെ പഠന ചിലവ് (2 പേർക്ക് പരമാവധി)<br>(3) ശവസംസ്കാര ചിലവ്<br>(4) അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>(5) അപകടത്തെതുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിൽസയ്ക്ക് (പരമാവധി) | 5,00,000/-<br>10,000/-<br>2000/-<br>2,50,000/-<br>25,000/- |
| 2 | മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം **(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം** | 50,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 4 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) | 1000/- |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം **(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം)** | 15,000/- |
| 6 | **<u>ആം ആദ്മി ബീമ യോജന പദ്ധതി</u>**<br>(1) അപകട മൂലം സംഭവിക്കുന്ന മരണം<br>(2) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>(3) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>(4) സ്വാഭാവിക മരണം<br>(5) 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75,000/-<br>75,000/-<br>37,500/-<br>30,000/-<br>1200/- രൂപ (പ്രതിവർഷം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| | | |
| 8 | **<u>എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്</u>**<br>10എ+ലഭിക്കുന്നവർക്ക്<br>9എ+ലഭിക്കുന്നവർക്ക്<br>8എ+ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്ക്കൂളിലെയും) | 5,000/-<br>4,000/<br>3,000/-<br>3000/- |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി) | 50,000/- |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750/- |
| 14 | **<u>ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം</u>**<br>പ്ളസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്ന വർക്ക്<br>വൊക്കേഷണൽ ഹയർ സെക്കറി പരീക്ഷയിൽ എല്ലാ വിഷയ ത്തിലും എ+ നേടുന്നവർക്ക് | 5000/- രൂപ<br>5000/- രൂപ |
| 15 | ബോധവൽകരണ പരിപാടി | |
| 16 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ( വിധവാ പെൻഷൻ) | 600/- |
| 17 | **<u>കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം.</u>**<br><br>**<u>എ. ദേശീയതലത്തിൽ</u>**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 രൂപ<br>8,000 രൂപ |

| | | |
|---|---|---|
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | |
| | **<u>ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്</u>** (ഗ്രൂപ്പ്അടിസ്ഥാനത്തിൽ) | 8,000 രൂപ |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | |
| | **<u>ബി. സംസ്ഥാന തലത്തിൽ</u>** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | **<u>ഗ്രൂപ്പ് അടിസ്ഥാനത്തിൽ</u>** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1,000 രൂപ |
| 18 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതി വർഷം) ഗവൺമെന്റ് അനുവദിയക്കുന്ന മുറയ്ക്ക് | 1350/- |
| | [illegible] മൂലമുള്ള താൽക്കാലിക അവശത | 500/- |

## 1. <u>കേരളാ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യമേഖലയുടെ വികസനത്തിനായി സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാർ സ്ഥാപിക്കൽ, ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് തുടങ്ങിയ പദ്ധതികളും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി ഫ്രെഷ് ഫിഷ് ടു ആൾ പദ്ധതി, ജീവനോപാധി പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങിയ പദ്ധതികളുമാണ് നടപ്പിലാക്കി വരുന്നത്.

## 2. <u>അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, പെൻ മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, വെള്ളായണി കായലിലും പാതിരാമണലിലും മത്സ്യസങ്കേതം സ്ഥാപിക്കൽ, പൊതു ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ, ഓരുജല മത്സ്യകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നൂതന ജലകൃഷി പദ്ധതിയിലുൾപ്പെടുത്തി അഡാക്ക്

ഫാമുകളിൽ ഓരുജല സമ്മിശ്ര മത്സ്യകൃഷി, സമുദ്രമത്സ്യങ്ങളുടെ കൂടു കൃഷി, വനാമി കൃഷി എന്നിവ നടപ്പിലാക്കി. പൊതുജലാശയങ്ങളിലേക്ക് വ്യാപിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് ക്യാറ്റ്ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ കൃഷിയും അഡാക്ക് മുഖേന നടപ്പിലാക്കി. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ,തിരുത സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യ കൃഷിരീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവേലി) എന്നിവയുടെ കൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻവിത്തുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫ് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. എരഞ്ഞോളി ഫിഷ്ഫാം മുഖേന 2014-15 വർഷം വരെ കൈപ്പാട് പുനരുദ്ധാരണ പദ്ധതി കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തുടങ്ങിയ ശേഷം ടി ജില്ലകളിൽ മത്സ്യോല്പാദനവും കൈപ്പാട് നെല്ലുൽപാദനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോൾനിലങ്ങിൽ സംയോജിത ആറ്റുകൊഞ്ചു കൃഷി പദ്ധതിയും നടപ്പാക്കി വരുന്നു. കൂടാതെ നടപ്പു സാമ്പത്തിക വർഷം (2016-17) 'റെനോവേഷൻ ഓഫ് ആയിരംതെങ്ങ് ഫിഷ്ഫാം' എന്ന പദ്ധതിയ്ക്ക് 466 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

3. **<u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിലെ വനിതകളുടെ ഉന്നമനത്തിനായി സാഫ് മുഖേന മത്സ്യമേഖലയിലെ വനിത ഗ്രൂപ്പുകൾ രൂപീകരിച്ച് ലഘുതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുള്ള ഗ്രൂപ്പുകൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി തീരമൈത്രി പദ്ധതിയും, പ്ലസ് ടു ഉം അതിനുമുകളിൽ വിദ്യഭ്യാസമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന വിവിധതരം പരിശീലനങ്ങളും പ്രാക്റ്റിക്കൽ പരിശീലനങ്ങളും നൽകുന്നതിനായി തീരനൈപുണ്യപദ്ധതിയും നടപ്പിലാക്കി വരുന്നു.

4. **<u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | സബ്സിഡി നിരക്കിൽ (ലിറ്ററിന് 25/- രൂപ നിരക്കിൽ) വെള്ള മണ്ണെണ്ണ വിതരണ പദ്ധതി. |
| 2 | എൻ.സി.ഡി.സി ധനസഹായത്തോടെ സംയോജിത മത്സ്യവികസന പദ്ധതി. (മത്സ്യബന്ധനോപകരണ വിതരണം) |
| | എൻ.എം.ഡി.എഫ്.ഡി.സി ധനസഹായത്തോടെ കൂടിയുള്ള ടേം വായ്പ |

| | |
|---|---|
| | [illegible] |
| 3 | എൻ.ബി.സി.എഫ്.ഡി.സി ധനസഹായത്തോടെ കൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പകൾ |
| 4 | എൻ.എം.ഡി.എഫ്.സി ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ |
| | എൻ.എം.ഡി.എഫ്.സി ധനസഹായത്തോടുകൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പകൾ |
| 5 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി |
| 6 | നാടൻ വള്ളങ്ങളുടെ നവീകരണം |
| 7 | മത്സ്യബന്ധന വലകൾക്ക് സബ്സിഡി നൽകുന്ന പദ്ധതി |
| 8 | ബാങ്ക് വായ്പയ്ക്കുള്ള സബ്സിഡി |
| 9 | മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന ബോണസ്സ് നൽകുന്നതിനുള്ള പദ്ധതി |
| 10 | മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് |
| 11 | മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധി ആനുകൂല്യങ്ങൾ |
| | [illegible] അവാർഡ് |
| 13 | പ്രവർത്തനമികവിനുള്ള അവാർഡ് |

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളങ്ങൾ യന്ത്രവൽകരിക്കുന്നതിന് 10 എച്ച്.പി യ്ക്ക് താഴെയുള്ള ഒ.ബി.എം വാങ്ങാൻ പരമാവധി 10000/- രൂപ വരെ മത്സ്യഫെഡ് വഴി ധനസഹായം നൽകുന്നു. കൂടാതെ Suitable components of fishing Gear subsidy എന്ന പദ്ധതി പ്രകാരം 10 എച്ച്.പിയക്ക് താഴെയുള്ള ഒ.ബി.എം ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് യന്ത്രഭാഗങ്ങൾ വാങ്ങാൻ പരമാവധി 6000/- രൂപ മത്സ്യഫെഡ് വഴി സബ്സിഡി നൽകുന്നു. ലിറ്ററിന് 25/- രൂപ നിരക്കിൽ വെള്ള മണ്ണെണ്ണയ്ക്ക് ധനസഹായം നൽകുന്നു. പഞ്ഞമാസകാലത്ത്/ ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ